A2/147/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റിന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് തുക അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.33/2026/CLAD തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:- 1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ

2. സ.ഉ. (സാധാ) നം.505/2025/സാം.കാ.വ. തീയതി 30.08.2025

3 സ.ഉ. (സാധാ) നം.685/2025/സാം.കാ.വ. തീയതി 14.11.2025

3. വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ് സെക്രട്ടറിയുടെ 17.09.2025 തീയതിയിലെ അപേക്ഷ

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റിന് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 2205-00-102-77-18 (NP) എന്ന ശീർഷകത്തിൽ 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) യും, 2205-00-102-56-(NV) എന്ന ശീർഷകത്തിൽ 2,50,000/- രൂപയും (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. 2205-00-102-77-18 (NP) എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും പരാമർശം (2), (3) പ്രകാരം രണ്ട് ഗഡുക്കളായി 6,00,000/- രൂപയും (ആറ് ലക്ഷം രൂപ മാത്രം), 2205-00-102-56-(NV) എന്ന എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും പരാമർശം (3) പ്രകാരം 1,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും ബാക്കി തുക ഒറ്റത്തവണയായി അനുവദിക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറി പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റിന് 2025-26 സാമ്പത്തിക വർഷം 2205-00-102-77-18 (NP) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡുവായും 2205-00-102-56 (NV) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 1,50,000/- രൂപ (ഒന്നര ലക്ഷം രൂപ മാത്രം) രണ്ടാം ഗഡുവായും അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 701011400000291 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി

ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ്, NRA നോർത്ത്-52, മെഡിക്കൽ കോളജ് പി.ഒ., തിരുവനന്തപുരം-11
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപൂരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (ഇ- 3231468/EDN-D1/36/2025-FIN dated 18.11.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 13-01-2026 15:05:13